# കുട്ടി പട്ടം





ലിറ്റിൽ കൈറ്റ്സ് ക്ലബ് മൂർക്കനാട്

**SSHSS MOORKANAD**



സാങ്കേതികത അനുദിനം വികസിച്ച്
കൊണ്ടിരിക്കുന്ന കാലത്ത്

സ്കൂളിലെ ലിറ്റിൽ

കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന

**കുട്ടി പട്ടം** ഡിജിറ്റൽ മാഗസിനിലേക്ക്

സൃഷ്ടികൾ നൽകിയവർക്കും ,

പിന്നിൽ പ്രവർത്തിച്ചവർക്കും

**ആശംസകൾ നേരുന്നു.**

HEAD MASTER

LIGIN GS



കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസവും ഹൈടെക് ക്ലാസ് മുറികളും നമ്മുടെ നാടിനെയും ഡിജിറ്റൽ യുഗത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ഇകൊമേഴ്സ്, ഇലേണിങ് മുതലായവയുടെ പ്രസക്തിയും പ്രയോഗവും അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. കടലാസിന്റെ ഉപയോഗം ചരിത്രമാകുന്ന കാലം ഒരുപക്ഷേ വിദൂരമല്ല. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടർ മേഖലയിൽ നേടുന്ന മികവുകൾ ഒരു വ്യക്തിക്ക് ജീവിതകാലം മുഴുവൻ പ്രയോജനപ്പെടുന്ന സമ്പത്തായി തീരുന്നു. അങ്ങനെ '**ലിറ്റിൽ കൈറ്റ്സ്**' അംഗങ്ങളുടെ '**കാലികം** ' എന്ന ഡിജിറ്റൽ മാഗസിൻ അവർക്കും മറ്റ് വിദ്യാർത്ഥികൾക്കും പ്രയോജനവും പ്രചോദനവുമായി തീരട്ടെ എന്ന് ആശംസിക്കുന്നു.

**ജോസ് എബ്രഹാം**(SITC)

# അപ്പൂട്ടന്റെ ജീവിതം



മാണിക്യനാട്,സന്തോഷത്തിന്റെയും പ്രകൃതിരമണീയതയുടേയും ഗ്രാമം.പുഴകളും അരുവികളും നിറഞ്ഞ സുന്ദരഗ്രാമം. എന്നാൽ ഈ ആനന്ദഗ്രാമത്തിലെ ഒരു വീട്. പാവം കുട്ടംബം,ഈ കുടുംബത്തിന്റെ പ്രാരാബ്ദത്തെക്കുറിച്ച് എല്ലാവർക്കും അറിയുമായിരുന്നില്ല. വീടിന്റെ ജനാലകളിലൂടെ സ്കൂളിലേക്ക് പോകുന്ന കുട്ടികളെ കണ്ട് കണ്ണീർ പൊടിഞ്ഞ കണ്ണുകളാണ് അപ്പൂട്ടന്റേത്.ഈ പ്രാരാബ്ദം അറിഞ്ഞ ഒരു നല്ല തിരുമേനി അപ്പ ൂട്ടന്റെ ആഗ്രഹവും അറിഞ്ഞു.

അതോടെ അപ്പൂട്ടൻ സ്കുൾജീവിതത്തിലേക്ക് കടന്നു.നന്നായി ഓടാൻ കഴിയുന്ന കുട്ടിയായിരുന്നു അവൻ.എന്നും നേരം വൈകി എണീക്കുന്ന അവൻ അവൻ സ്കുളിലേക്ക് ഓടുമായിരുന്നു.

ഒരു ദിവസം അവൻ തന്റെ ഭക്ഷണപാത്രം എടുക്കാൻ മറന്നു.
ഉച്ചസമയത്തെ ഇടവേളക്ക് അവൻ വിഷമത്തോടെ നടക്കുകയായിരുന്നു.
ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ഒരു പി ടി അധ്യാപകൻ അവന്റെ അടുക്കൽ ചെന്ന് ഒരു ഓഫർ നൽകിക്കൊണ്ട് പറഞ്ഞു."നീ ആ നിൽക്കുന്ന വലിയ കുട്ടിയെ കണ്ടോ സ്കൂളിലെ മികച്ച ഓട്ടക്കാരനാണ്.
നീ അവനെ ഓട്ടത്തിൽ തോൽപ്പിച്ചാൽ നിനക്ക് ഞാൻ ഈ ഭക്ഷണം
മുഴുവൻ നൽകാം .അവൻ ഓടി ഏകദേശം മധ്യഭാഗത്ത് എത്തിയപ്പോൾ അവൻ പിറകിലായിരുന്നു. അവന് ഭക്ഷണത്തിന്റെ ഓർമ വന്നു. .അവൻ
കണ്ണും ചിമ്മി ഓട്ടം. അവൻ ആ മത്സരത്തിൽ ജയിച്ചു. അവന്റെ ഭാവിയിലേക്കുള്ള ഒരു വലിയ കാൽ വെപ്പായിരുന്നു അത്. ഈ സംഭവം അവന്റെ ജീവിതം മാറ്റമറിച്ചു..അവന്റെ ഓട്ടം കണ്ട പി.ടി അധ്യാപകൻ പല മേഖലകളിലേക്കും എത്തിച്ചു .ഇന്ന് ലോക ഒളിംപിക്സ് അപ്പൂട്ടൻ

പങ്കെടുക്കുന്നു. അവന്റെ ഭാവി അവന്റെ കയ്യിൽ. ജയം തോൽവി എന്നതല്ല പ്രാധാന്യം കഴിയുന്നതിൽ പരമാവധി ചെയ്യുക.

മിഹാൽ .പി

XL

# അമ്പിളി അമ്മാവൻ



മാനത്തെ പുഞ്ചിരിതൂകിടും
പാൽകിണ്ണമാണു നീ അമ്മാവാ
ഒറ്റയ്ക്കങ്ങനെ നിൽക്കാതെ
താഴോട്ടിറങ്ങി പോരൂ നീ..
വട്ടത്തിൽ ചുട്ട പാലപ്പം പോലെ
ഇന്നു നീ നിൽക്കുന്നു മാനത്ത്
കോത്തിയരിഞ്ഞ തേങ്ങാപൂൾ പോലെ
നാളെ നീ നിൽക്കുന്നു മാനത്ത്
എന്നെ പഠിപ്പിക്കൂ അമ്മാവാ
രൂപം മാറും ആ വിദ്യ
വെട്ടിത്തിളങ്ങുന്ന നേരത്ത്
അമ്മാവാ....എൻ അമ്മാവാ....
എന്റെ അമ്പിളി അമ്മാവാ...!

ഫാത്തിമ ഹിബ.പി.പി
IX A

# SUN RISE



Last day I saw sun rise in east

It's like a blooming flower

Giving light to dark

Covering me in light

I took a breath and

Gave it out

My mind like an ocean water

And eyes like diamonds

Dark clouds become bright

My dark soul become light

ISHWA NIYAS
VIII K

# അമ്മ മനസ്



മീനാക്ഷിപുരം എന്നൊരു ഗ്രാമത്തിൽ ദേവിക എന്നൊരു സ്ത്രീ ജീവിച്ചിരുന്നു. അവൾക്ക് രണ്ട് മക്കളുണ്ടായിരുന്നു. വിപിനും തുളസിയും. അവൾക്ക് അച്ഛനില്ലായിരുന്നു. മറ്റു വീടുകളിൽ പോയി ജോലി ചെയ്താണ് ദേവിക തന്റെ മക്കളെ വളർത്തിയത്. ഒരു നല്ല മഴയുള്ള ദിവസം, ദേവിക ജോലിക്ക് പോകാൻ വൈകി. ആ വീട്ടിലെ കൊച്ചമ്മ ദേഷ്യപ്പെട്ടു. മുറ്റത്ത് കഴുകാനായി പാത്രങ്ങളുടെ ഒരു കുമ്പാരം തന്നെയുണ്ടായിരുന്നു. “ കൊച്ചമ്മേ... മഴ ശമിച്ചിട്ട് പാത്രങ്ങളെല്ലാം കഴുകിയാൽ പോരേ..?” ദേവിക ചോദിച്ചു. “ പറ്റില്ല , ഇപ്പോൾ തന്നെ കഴുകണം.” കൊച്ചമ്മ തറപ്പിച്ചു പറഞ്ഞു. നിർത്താതെ പെയ്യുന്ന മഴയിലും തന്റെ മക്കൾക്കു വേണ്ടി അവൾ പാത്രം കഴുകി. അച്ഛനില്ലാത്തതിന്റെ ഒരു കുറവും തന്റെ മക്കൾക്കുണ്ടാവരുതെന്ന് അവൾ പ്രതിജ്ഞ ചെയ്തു. നിർത്താതെ

പെയ്യുന്ന മഴയ്ക്കു കൂട്ടായി ദേവികയുടെ തോരാത്ത കണ്ണുനീരും ഉണ്ടായിരുന്നു.

വർഷങ്ങൾ കടന്നു പോയി.വിപിനിപ്പോൾ വയസ്സ് 25. തുളസിക്ക് 18 ഉം. രണ്ടു പേർക്കും വിവാഹപ്രായം. ദേവിക വീടൊഴികെ ഉള്ളതെല്ലാം പെറുക്കി വിറ്റ് വിവാഹം നടത്തി. തുളസിയുടെ ഭർത്താവ് വിദേശത്ത് ജോലിയുള്ള അഭിലാഷായിരുന്നു. വിപിന്റെ ഭാര്യ നന്ദിതയും.

നന്ദിത ആ വീട്ടിൽ എന്ന് വന്നു കയറിയോ, അന്നു മുതൽ ദേവികക്ക് വീട് നരഗതുല്യമായി മാറി. ബിസിനസുകാരനായ വിപിൻ ഭാര്യയുടെ പ്രലോഭനം കാരണം അമ്മയെ വീടിനു പുറത്താക്കി. ദേവിക നടന്നു. എങ്ങോട്ടോ... അലക്ഷ്യമായി...


വിപിന്റെ ഉറ്റ സുഹൃത്തായിരുന്നു ബിസിനസുകാര-

നായ അരുൺ. ദേവിക വീടു വിട്ടിറങ്ങിയതിനു ശേഷം വിപിന്റെ കച്ചവടം തകർന്നു തുടങ്ങി. ഇതവൻ സുഹൃ

ത്തായ അരുണിനോടു പറഞ്ഞു. അരുൺ പറഞ്ഞു: " എടാ... നിന്റെ കച്ചവടത്തിന് എന്നും കൂട്ടായി പ്രാർത്ഥനയായി നിന്റെ അമ്മയുണ്ടായിരുന്നു. ഭാര്യയുടെ പ്രലോഭനം കാരണം നീ നിന്റെ സ്വർഗതുല്യമായ അമ്മയെ ആട്ടിപ്പുറത്താക്കി. ഇന്നും നിനക്ക് വേണ്ടി പ്രാർ ത്ഥിക്കുന്നുണ്ടാകും തെരുവോരങ്ങളിൽ നിന്റെ അമ്മ." ഇതു കേട്ട വിപിൻ കാറുമെടുത്ത് തെരുവിലേക്ക് പോയി. അവിടെ കീറിപ്പറിഞ്ഞ വസ്ത്രവുമായി പാറിപ്പറന്ന മുടിയുമായി ദേവിക ഭിക്ഷയാചിക്കുന്നു. അവൻ അമ്മയോടു മാപ്പിരന്നു. കാറിൽ കയറ്റി വീട്ടിലേക്ക് കൊണ്ടുപോയി. വീട്ടിലെത്തിയപ്പോൾ നന്ദിത ചോദിച്ചു: " എന്തിനാ ഈ തള്ളയെ ഇങ്ങോട്ടു തന്നെ കൊണ്ടു വന്നത് ?" അതിനുള്ള വിപിന്റെ മറുപടി നന്ദിതയുടെ മുഖത്തൊരടിയായിരുന്നു. ക്രമേണ കാര്യങ്ങൾ മനസ്സിലാക്കിയ നന്ദിത ദേവികയോട് മാപ്പിരന്നു. അങ്ങനെ വിപിനും നന്ദിതയും ദേവികയും ആ വീടൊരു സ്വർഗമാക്കി.

- ഷിഫാന നാസിർ.വി

**IX D**



ലിറ്റിൽ കൈറ്റ് മെമ്പർ അക്ഷയ് വരച്ച ചിത്രം

# പുസ്തകക്കൂട്ടൊരു നിറക്കൂട്ട്

സൂര്യൻ മറയുകയാണ് പറവകൾ കൂട്ടിലേക്ക് യാത്രയാവുന്നു. റോഡുകളിലെങ്ങും വണ്ടി തിരക്ക്. സൂര്യന്റെ അന്ത്യകിരണങ്ങൾ വിട പറയുന്നു .ആകാശത്തിന് ഇനി വിശ്രമമാണ് .സന്ധ്യസമയത്തെ ഈ മനോഹരത ഇന്നും അവളുടെ മനസിന് തണുപ്പേകുന്നു. സൂര്യാസ്തമയം എത്ര കണ്ടാലും മതിയാവില്ല. ആ പ്രകൃതിയിൽ ലയിച്ചു ചേർന്നു .മിന്നു.... മിന്നു.... അമ്മ അവളെ വിളിച്ചു. മറുപടി കേൾക്കാത്തതിനാൽ അമ്മ പുറത്തേക്ക് വന്നു. എന്താ മിന്നു വിളിക്കേട്ടാൽ അമ്മ സ്വൽപം ദേശത്തോടെ ചോദിച്ചു.

സന്ധ്യയായില്ലെ അകത്തേക്ക് വാ... എന്ന് പറഞ്ഞ് അമ്മ വീട്ടിലേക്ക് കയറി. പെട്ടെന്ന് അവളൊന്ന് പതിറി അവർ പതുക്കെ തന്റെ വീൽചെയർ ഊന്തി നീക്കി തന്റെ തളർന്ന കാലുകളെ ഓർത്ത് അവൾ കരയാത്ത നാളുകളില്ല. എങ്കിലും പുസ്തകങ്ങളാണ് അവൾക്ക് പ്രതീക്ഷ നൽകുന്നത്. ഉണ്ണീ ...ഉണ്ണീ .. അവൾ തന്റെ കെച്ചനുജനെ തിരക്കി. എന്താ ചേച്ചി ? അവൻ ദേശ്യത്തോടെ ചോദിച്ചു. ഉണ്ണിക്ക് ചേച്ചിയെ അത്രക്ക് ഇഷ്ടമല്ല .സ്കൂൾ വിശേഷം എന്താ? ഉണ്ണി .... നീ പറ ഉണ്ണി .... അവൾ ആകാംശയോടെയും പ്രതീക്ഷയോടെയും ചേദിച്ചു. അവൻ

ഒഴിഞ്ഞു മാറാൻ ശ്രമിച്ചു. പിന്നെ പറയാം... എനിക്ക് ഒരു പാട് വായിക്കാനുണ്ട് അവൻ അൽപം അഹങ്കാരത്തോടെ പറഞ്ഞു. ഓ... ഒരു രണ്ടാം ക്ലാസുകാരനെന്താ ഇത്രയ്ക്ക് പഠിക്കാൻ നീ ഐ എ എസിന് ഒന്നുമല്ലല്ലോ  പഠിക്കുന്നത്. മിന്നു കളിയാക്കി ചോദിച്ചു. പഠിക്കാനുണ്ടോ ഇല്ലയോ എന്ന് ചേച്ചിക്കെങ്ങനെയറിയാം സ്കൂളിന്റെ പടി പോലും കാണാത്ത ചേച്ചിയാണോ ഇതു പറയുന്നത്? പറഞ്ഞ് തീർന്നില്ല അവന്റെ പുറത്തേക്ക് ഒരു അടി വീണു. ട്ടോ.... " നിന്നോട് ഞാൻ എത്ര പറഞ്ഞു ചേച്ചിയോട് ഇങ്ങനെയൊന്നും പറയരുതെന്ന് " എന്ന് അച്ഛൻ ഉണ്ണിയോട് ദേശ്യത്തോടെ പറഞ്ഞു മിന്നുവിന്റെ കണ്ണുകൾ നിറഞ്ഞു. ഉണ്ണി അവളെ കണ്ണുരുട്ടി നോക്കി റൂമിലേക്ക് പോയി.

മിന്നുകണ്ണുനീർ പതിയെ തുടച്ചു നീക്കി അച്ഛൻ അവളെ സമാധാനിപ്പിച്ചു. മോളെ.... അവന്റെ ബുദ്ധിയില്ലായ്മകൊണ്ടുപറഞ്ഞതാ .അവൾ തന്റെ വീൽചെയർ മെല്ലെ ഉന്തി നീക്കി. മോളെ... അച്ഛൻ അവളെ വിളിച്ചു. അവൾ തേങ്ങി കരയുകയായിരുന്നു അൾക്ക് അച്ഛൻ പുതിയ പുസ്തകങ്ങൾ സമ്മാനിച്ചു. അച്ഛന് അറിയാം അവളുടെ മനസിന് പുസ്തകങ്ങൾ തണുപ്പ് ഏകും എന്ന് ആ പുസ്തകങ്ങളാണ് അവളുടെ ജീവിതത്തെ അതിജീവിക്കാൻ

പ്രാപ്തമാക്കുന്നത്. അവൾ കണ്ണീർ തുടച്ച് പുസ്തകങ്ങൾ തന്റെ മാറോട് ചേർത്തു പിടിച്ചു തന്നെ വീൽചെയർ നീക്കി..... പ്രതീക്ഷകൾ നിറഞ്ഞ വിശ്വാസമുള്ള വായനയുടെ അക്ഷരങ്ങളുടെ ലോകത്തേക്ക്.....

# മുക്കുവനും ഭാര്യയും

മുക്കുവനും ഭാര്യയും കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നത് . ഒരു ദിവസം, മുക്കുവൻ മീൻ പിടിക്കാൻ പുഴക്കരയിലേക്ക് പോയി. മുക്കവൻ പുഴയിലേക്ക് ചൂണ്ടയിട്ടു. മുക്കവന് മനസ്സിലായി. ചൂണ്ട കൊളുത്തിൽ മീൻ കുടുങ്ങിയിട്ടുണ്ടെന്ന്.

മുക്കവൻ ചൂണ്ട വലിച്ചപ്പോൾ വളരെ ഭാരം. പുളയിലേക്ക് നോക്കിയപ്പോൾ ചൂണ്ടയിട്ട സ്ഥലത്ത് തിളങ്ങുന്നു. ആ സ്വർണ മീൻ തല ഉയർത്തി പറഞ്ഞു. “ ഏയ് മുക്കവാ എന്നെ കൊല്ലരുത്. ഞാൻ ഈ കുളത്തിലെ രാജകുമാരമാണ്. എന്നെ വിടൂ..” മുക്കവൻ അതിനെ വിട്ട് വീട്ടിലേക്കോടി. ഭാര്യയോട് നടന്ന സംഭവം പറഞ്ഞു. ഭാര്യ പറഞ്ഞു. “ നിങ്ങളെന്തിനാ ആ മീനിനെ വിട്ടത് ? നിങ്ങൾക്ക് അതിനു പകരം നല്ല വീടു തരാൻ പോയി പറയ്.” മുക്കവൻ വീട്ടിൽ നിന്നും പുറപ്പെട്ടു , മാന്ത്രിക മീനോട് ഭാര്യ പറഞ്ഞതെല്ലാം പറഞ്ഞു.എന്നിട്ട് വീട്ടിലേക്ക് മടങ്ങി. അപ്പോൾ അവിടെ സുന്ദരമായ വീട്. അന്ന രാത്രി ഭാര്യ ചിന്തിച്ചു. എനിക്ക് കൊട്ടാരം വേണമെന്ന്,പ്രഭാതം പുലർന്നപ്പോൾ

മുക്കവനോട് ഭാര്യ പറഞ്ഞു. മുക്കവൻ മീനോട് പറഞ്ഞു. മീൻ സമ്മതിച്ചു. വീട്ടിൽ ചെന്നപ്പോൾ വീട് കൊട്ടാരമായി മാറി. അന്ന് രാത്രി ഭാര്യ വീണ്ടും ചിന്തിക്കാൻ തുടങ്ങി. നേരം പുലർന്നപ്പോൾ ഭാര്യ മുക്കവനോട് പറഞ്ഞു. അവൻ മീനോട് പറഞ്ഞു. മീൻ സമ്മതിച്ചു. അപ്പോഴേക്കും പുഴയുടെ നിറം മങ്ങിയിരുന്നു. കൊട്ടാരത്തിൽ ചെന്നപ്പോൾ ഭാര്യ റാണിയായിരിക്കുന്നു. അവളുടെ കീഴിൽ കുറേ മന്ത്രിമാരുമുണ്ടായിരുന്നു. അന്ന് രാത്രിയും അവൾ ചിന്തിച്ചു. രാവിലെയായപ്പോൾ ഭാര്യ മുക്കവനോട് പറഞ്ഞു. മുക്കവൻ മീനോട് പറഞ്ഞു. മീൻ സമ്മതിച്ചു. മുക്കവൻ കൊട്ടാരത്തിൽ ചെന്നപ്പോൾ ഭാര്യയെ കാണാനില്ല . മുക്കവൻ പിന്നെയും മീനിന്റെ അടുത്തേക്ക് പോയി. മീൻ പറഞ്ഞു. " ദൈവമായാൽ കാണില്ലെന്ന്." മുക്കവൻ പറഞ്ഞു. അവളെ എനിക്ക് തിരിച്ചു തരണമെന്ന്. ഭാര്യക്ക് അവളുടെ തെറ്റ് മനസ്സിലായി.

-അഫീഫ പർവിൻ.കെ

**IX D**




**ലിറ്റിൽ കൈറ്റ് മെമ്പറായ നിമിൽ സംസ്ഥാന തല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്ക് വേണ്ടി നിർമ്മിച്ച തന്റെ റിമോർട്ട് കൺട്രോൾ വാക്വം ക്ലീനറുമായി.**

**മൂർക്കനാട് സുബ്ബുലുസ്സലാം ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥിയായ നിമിൽ സംസ്ഥനതല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടു. മൊബൈൽ ആപ് നിർമ്മാണം, സ്ക്രാച്ച് സോഫ്റ്റ് വെയർ ഉപയോഗിച്ച് അനിമേഷൻ**

ഗെയിം നിർമ്മാണത്തിലും മികവ് തെളിയിച്ച വിദ്യാർത്ഥിയാണ് നിമിൽ.

വിദ്യാഭ്യാസ മന്ത്രി ശ്രീ.സി രവീന്ദ്രനാഥ് സംസ്ഥാന ക്യാമ്പ് ഉദ്ഘാടനം ചെയ്തു.തുടർന്ന് കുട്ടികൾ നിർമ്മിച്ച ഉപകരണങ്ങൾ സന്ദർ ശിക്കുകയും അനുമോദനങ്ങൾ അറിയിക്കുകയും ചെയ്തു. റിമോർട്ട് കൺട്രോൾ വാക്വം ക്ലീനർ ആയിരുന്നു നിമിൽ തയ്യാറാക്കിയത് , ഇതിന് മന്ത്രി നിമിലിനെ പ്രത്യേകം പ്രശംസിക്കുകയും, ആശംസനേരുകയും ചെയ്തു.

# ജീവിതം

**അരുണനസ്തമിക്കുമ്പോൾ**
**രാത്രിയുടെ വർണ്ണ ചിറകുകൾ വിരിയുമ്പോൾ**
**ആരും ഓർത്തു പോകുന്ന**
**ചില ദിവസങ്ങളുണ്ട്**
**സന്തോഷത്തിന്റെ ഓളങ്ങൾ തുള്ളുന്ന**
**ചില ദിനങ്ങൾ**
**സങ്കടത്തിന്റെ ആഴക്കടലിൽ**
**മുങ്ങി പോകുന്ന ചില ദിനങ്ങൾ**
**സഹപാഠികളുമായും രക്ഷിതാക്കളുമായും**
**കാര്യങ്ങൾ പങ്കുവെക്കുന്ന ചില ദിനങ്ങൾ**
**ഇതെല്ലാം കൂടി ആകെ**
**ഒരു ജീവിതം**

**ഹാദിയ റഹ്മാൻ ഒ**
**8 K**

# *INSPIRE AWARD -2019*




## ലിറ്റിൽ കൈറ്റ്സ് മെമ്പർമ്മാരായ മുഹമ്മദ് മിൻ ഹാജ് (X) ,അഹ്നഫ (IX),നിദ ഷെറിൻ (VIII)

**Department of Science & Technology,Govt.of India യുടെ കീഴിൽ നടത്തപ്പെടുന്ന Inspire Award-2019 മത്സരത്തിൽ കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 249 പ്രൊജക്കുകളിൽ SSHSS മൂർക്കനാടിലെ മിൻഹാജ് (10.I), അഹ്നഫ(9.C), നിദ ഷെറിൻ(8.L) സമർപ്പിച്ച മൂന്ന് പ്രൊജക്കുകളും ഇടം നേടി..**

**ഓരോർത്തക്കും ജില്ലാതല മത്സരത്തിൽ പങ്കെടുക്കുന്നതിന് വേണ്ടി 10,000/- വീതം അനുവദിക്കുകയും ചെയ്തു.**

**ഇതിൽ രണ്ട് പ്രൊജക്കുകൾ എറണാകുളത്ത് വച്ച് നടന്ന സംസ്ഥാന തല മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.**







**സംസ്ഥാന തല ഇൻസ്പെയർ അവാർഡ് മത്സരത്തിൽത്തിൽ പങ്കെടുത്ത SSHSS മൂർക്കനാടിലെ നിദ ഷെറിനും , മുഹമ്മദ് മിൻഹാജ ും DGE ജീവൻ ബാബു IAS ൽ നിന്ന് പാർട്ടിസിപന്റ് സർട്ടിഫിക്കറ്റ് വാങ്ങുന്നു...**

# പ്രളയം വിഴുങ്ങിയ കേരളം .....



**മഹാപ്രളയം കേരളത്തെ ഒന്നാകെ മുക്കി കളഞ്ഞ വർഷമായിരുന്നു 2018 .1924 ലെ പ്രളയത്തിനു ശേഷം ഏറ്റവും വലിയ വെള്ളപൊക്ക ദുരന്തത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. ജൂലൈ ,ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് മിക്ക ജില്ലകളിലും വെള്ളപൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നു വിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിപ്പിച്ചു. ചരിത്രത്തിലാദ്യമായി 54 അണക്കെട്ടുകൾ 35 എണ്ണവും തുറന്നു വിടേണ്ടി വന്നു. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ച തുറന്നത്**

**AMNA KK**
**8 K**

# ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയവർ 19-20 ബാച്ച്




**ആദിത്യൻ ആർ നായർ**




**ഫാത്തിമ ഹിബ പി പി**